**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 1 ഏക്കർ വീതം എലവഞ്ചേരി വെങ്കായപ്പാറയിൽ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി അനുവദിക്കാനുള്ളതെന്നും അതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | നെന്മാറ നിയോജക മണ്ഡലത്തിൽ 162 ഭൂരഹിത പട്ടികവർഗ്ഗക്കാർക്കാണ് ഭൂമി അനുവദിക്കാനുള്ളത്. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഏറ്റെടുത്തതിൽ മുതലമട ഒന്ന് വില്ലേജിൽ 20 സെന്റ് വീതമുള്ള 3 പ്ലോട്ടുകൾ 3 കുടുംബങ്ങൾക്കായും മിച്ചഭൂമി വിതരണം പദ്ധതി പ്രകാരം എലവഞ്ചേരി വില്ലേജിൽ വീട് നിർമ്മാണത്തിനായി 10 സെന്റ് വീതമുള്ള 15 പ്ലോട്ടുകളും കൃഷിക്കായി 46 സെന്റ് വീതമുള്ള 15 പ്ലോട്ടുകളും 15 കുടുംബങ്ങൾക്കായും അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൂടുതൽ ഭൂമി തുടർന്നും ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ